Talented Bankers Literary Panel
പുസ്തക പരിചയം 130.
ഞാൻ (ആത്മകഥ)
എൻ എൻ പിള്ള
പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുറുപ്പന്തറ ശാഖ.
കൊറോണ, അതിന്റെ കൂടെ വെള്ളപൊക്കം. ഇതിനിടക്ക് വണ്ടിയിൽ എലി കയറി, അവന്റെ വക ചെറിയ ഒരു പണി. അതിന്റെ കൂടെ മൊബൈലിൽ വെള്ളം കയറി അത് കേടായി. (വെള്ളം ആണോ സാനിറ്റയ്സർ ആണോ എന്ന് ഇത് വരെ തീരുമാനം ആയില്ല). അങ്ങനെ ഇലക്ട്രോണിക് ഉപകരങ്ങൾ പലതും ഒന്നിനു പുറകെ ഒന്നായി പിണങ്ങി തുടങ്ങി. വീട്ടിലെ പ്രായം ആയവരെയും, കുഞ്ഞിനെയും കൊണ്ട് പുറത്തു ഇറങ്ങാൻ പേടി. ഇനി ഇവരെ കൂടാതെ തനിച്ചു ആണെങ്കിൽ തന്നെ, ഓഫീസിലേക്ക് അല്ലാതെ, ഒന്ന് പുറത്തു പോയി തിരികെ വരാൻ, രണ്ടല്ല, രണ്ടായിരം വട്ടം ആലോചിച്ചു തല പുകച്ച ദിവസങ്ങൾ! ഇത്ര കണ്ടു കഷ്ടപാടുകൾ നിറഞ്ഞ മനുഷ്യരാശി ഉണ്ടായിട്ടില്ല എന്ന് മനസ്സിൽ ഉറപ്പിച്ച നാളുകൾ!
ലോക്ക്ഡൗൺ ഒക്കെ കഴിഞ്ഞു ആമസോൺ ഡെലിവറി വീണ്ടും കിട്ടി തുടങ്ങിയപ്പോൾ ആദ്യം തീരുമാനിച്ചത്, ഇനി 'കണ്ടകടച്ചാദികൾ' ഒന്നും വാങ്ങിച്ചു പൈസ കളയരുത് എന്നും, പകരം കുറച്ചു ആത്മകഥകൾ വാങ്ങി വായിക്കണം എന്നും ആണ്. മനസ്സിന് കുറച്ചു ധൈര്യം കിട്ടാൻ ഉപകരിച്ചാലോ. അങ്ങനെ ആമസോണിൽ പരതി പരതി, പുസ്തങ്ങളിലും അല്ലാതെയും കൈ വിരലുകൾ ചലിച്ച കൂട്ടത്തിൽ, ഒരു മനുഷ്യന്റെ മുഖചിത്രം കണ്ടു കണ്ണുടക്കി. സാക്ഷാൽ അഞ്ഞൂറാൻ! എന്നാൽ പിന്നെ മേടിച്ചു, വായിച്ചിട്ട് തന്നെ കാര്യം. പേരു പോലെ തന്നെ അഞ്ഞൂറിൽ അധികം പേജുകൾ ഉള്ള ആ തടിയൻ പുസ്തകവും, അതിന്റെ പുറം ചട്ടയിൽ ഇരുന്നു "ഇതിനകത്ത് അടച്ചിട്ട് വെക്കാൻ ആയിരുന്നേൽ ഞാൻ ആ മൊബൈലിൽ തന്നെ ഇരുന്നോണ്ടേനെ." എന്നു ഗർജിക്കുന്ന മനുഷ്യനെയും, ഓഫിസിലെ മേശ വലിപ്പിൽ ഒരു ദിവസത്തിൽ അധികം കോറന്റയിനിൽ വെക്കാൻ മനസ്സ് അനുവദിച്ചില്ല. വായിച്ചു തുടങ്ങിയത് മാത്രം ഓർമ്മയുണ്ട്. പിന്നെ ഇക്കണ്ട ദിവസങ്ങൾ എല്ലാം എന്റെ സന്തത സഹചാരി ആയിരുന്നു ആ മനുഷ്യൻ! ഒരു ദിവസം ഭാര്യ എന്നോട് ചോദിച്ചു, "നിങ്ങൾ 2020 ൽ ആണോ ഇപ്പോൾ ജീവിക്കുന്നത്, അതോ 1947ൽ ആണോ?". അത്ര കണ്ട് നമ്മളെ ആ കാലത്തേക്ക് കൊണ്ട് പോകുന്ന വിവരണം. പച്ചയായ വിവരണം. അതിൽ ജനനം ഉണ്ട്, പിച്ച വെച്ചു നടന്ന നാളുകൾ ഉണ്ട്, കൗതുകമുണ്ട്, കാമമുണ്ട്, പ്രണയമുണ്ട്, വിരഹമുണ്ട്, ദാരിദ്രം ഉണ്ട്, പശ്ചാത്താപം ഉണ്ട്, ആത്മഹത്യ ഉണ്ട്, കൊലപാതകമുണ്ട്. അങ്ങനെ ഒരു മനുഷ്യ മനസ്സിന്റെ ഒട്ടുമിക്ക എല്ലാ പ്രപഞ്ച സത്യങ്ങളും ഉണ്ട്! എന്തിനേറെ മരണത്തെ കുറിച്ചുള്ള ഒരു വരി തന്നെ ധാരാളം. അത് ഏതാണ്ട് ഇപ്രകാരം ആണ്; "മനുഷ്യൻ ഒരു

പക്ഷെ, അവനു നേരിടേണ്ടി വരുന്ന സകല മഹാമാരികൾക്കും മരുന്നു കണ്ടു പിടിച്ചേക്കും, പക്ഷെ, മരണത്തിന് മാത്രം മരുന്നു കണ്ടു പിടിക്കാൻ അവനെ കൊണ്ടു സാധിക്കില്ല. കാരണം, മരണം ഒരു രോഗമല്ല എന്നത് തന്നെ!"
എന്റെ ജനനം ഞാൻ കൃത്യമായി ഓർക്കുന്നു എന്ന് പറഞ്ഞാണ് അദ്ദേഹം സംസാരിച്ചു തുടങ്ങിയത്. പിന്നീട് ഞാൻ കേട്ടതിൽ തിരുവിതാംകൂർ ചരിത്രമുണ്ട്, കേരള ചരിത്രമുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രമുണ്ട്, മലയായുടെ ചരിത്രമുണ്ട്. ജപ്പാന്റെ ചരിത്രമുണ്ട്, അതിൽ തന്നെ ഇത് വരെ കേൾക്കാത്ത പച്ചയായ ഒരു സുഭാഷ് ചന്ദ്രബോസ് ഉണ്ട്. അദ്ദേഹത്തിന്റെ ഇന്ത്യൻ നാഷണൽ ആർമിയുടെ തുടക്കം മുതൽ, ഒടുക്കം വരെ ഉണ്ട്. പ്രഥമികാവേഗങ്ങൾ അതിന്റെ പരകോടിയിൽ ഏത്തുമ്പോൾ മനുഷ്യൻ മൃഗമാകുന്ന അനേകം അനുഭവങ്ങളുണ്ട്!
രണ്ടാം ലോക മഹായുദ്ധകാലത്ത് നേരം വെളുക്കും മുതൽ തലക്ക് മീതെ പറന്നു തുടങ്ങുന്ന, ബോംബർ വിമാനങ്ങളെ ഭയന്ന് കൂട്ടത്തോടെ മണ്ണിന് അടിയിൽ ഉള്ള ട്രങ്കിൽ ഒളിച്ച ദിവസങ്ങൾ ഒന്നിൽ അദ്ദേഹത്തിന് ഒരു വെളിപാട് ഉണ്ടായി. മറ്റൊന്നും അല്ല, വിമാനത്തിൽ നിന്നും പക്ഷികാഷ്ടം പോലെ വീഴുന്ന ബോംബിൽ ഒന്ന് തങ്ങൾ ഇരിക്കുന്ന ട്രങ്കിന്റെ കൃത്യം മുകളിൽ വീണാൽ, അകത്ത് കണ്ണടച്ചു ഇരുന്ന് ഗുരുവായൂരപ്പൻ ഉൾപ്പെടെ ഉള്ള സകല ദൈവങ്ങളെയും വിളിക്കുന്നവനും, വാതിൽക്കൽ ഇരുന്ന് മുകളിലേക്ക് നോക്കി ആകാശത്തെ കാഴ്ചകൾ കണ്ടുകൊണ്ട് ആഹാരം കഴിക്കുന്നവനും ഒരുമിച്ചു മരിക്കും. പിന്നെ എന്തിന് വിശന്ന് ഇരിക്കണം എന്ന ചിന്തയിൽ അദ്ദേഹം അങ്ങനെ തന്നെ പ്രവർത്തിച്ചു അത്രേ! മരണം മണക്കുന്ന ഇത്തരം വിചിത്രമായ ഒട്ടനവധി അനുഭവങ്ങൾ നമ്മളെ ഇരുത്തി ചിന്തിപ്പിക്കും എന്നു തീർച്ച. നടുക്കടലിൽ ഒരു രാത്രി മുഴുവൻ ഒറ്റക്ക് തിരമാലകൾക്ക് ഇടയിൽ പെട്ടു പോയതിന് ശേഷം ജീവിതത്തിലേക്ക് തിരിച്ചു വന്നത് ഒരു പക്ഷെ, ഇതൊക്കെ നമ്മളോട് വിളിച്ചു പറയാൻ ആയിരിക്കാം!
അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ കടം എടുത്തു പറഞ്ഞാൽ, ആലോചനയില്ലാതെ പലതിനും ഞാൻ വഴങ്ങി പോകാറുണ്ട്. അടുത്ത നിമിഷം അതിനെ ഓർത്തു പശ്ചാത്തപിക്കാറുമുണ്ട്. ഈ പശ്ചാത്താപം ഒഴിഞ്ഞ ഒരു ദിവസം പോലും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. അങ്ങനെ ഉള്ള ഒരു ജീവിതം ഒരു വട്ടം അല്ല, ഒരായിരം വട്ടം വായിക്കാൻ ഉള്ളത് ഉണ്ട് എന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് ഊഹിക്കാവുന്നതെ ഉള്ളു.
മാതൃഭൂമി ബുക്സ് പുറത്ത് ഇറക്കിയ പുസ്തകത്തിന്റെ വില, 600 രൂപ.